## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 261** 01.12.2014-ൽ **മറുപടിയ്ക്ക്**

## കസ്റ്റഡിയിലെടുത്ത വാഹനങ്ങൾ

| ചോദ്യം<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലും പരിസരങ്ങളിലും വിവിധ കേസ്സുകളിൽ പിടിച്ചിട്ട വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) അബ്കാരി കേസുമായി ബന്ധപ്പെട്ട വാഹനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിന് നൽകിയും, പുഴ മണൽ, കുന്നിടിച്ച മണ്ണ് എന്നിവയുടെ അനധികൃത കടത്തുമായി ബന്ധപ്പെട്ട വാഹനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അതുമായി ബന്ധപ്പെട്ട വകുപ്പിന് നൽകിയും, കേസ്സുകളിൽ തീർപ്പുകൽപ്പിച്ച് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പോലീസ് കേസുകളിൽ ഉൾപ്പെട്ട വാഹനങ്ങൾ കേസുകൾ തീരുന്ന മുറയ്ക്ക് ഉടമസ്ഥന് നോട്ടീസ് മുഖാന്തിരം അറിയിപ്പ് നൽകിയും, അവകാശികൾ ഇല്ലാത്ത വാഹനങ്ങൾ ഒഴിവാക്കുന്നതിനായി കേരള പോലീസ് ആക്ട് 56-ാം വകുപ്പ് പ്രകാരം പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഏതെല്ലാം ജില്ലകളിൽ വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ ; | (ബി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വാഹനങ്ങൾ നശിക്കുന്നത് ഒഴിവാക്കുന്നതിനായി മേൽപ്പറഞ്ഞ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | പിടിക്കപ്പെട്ട വാഹനങ്ങളിൽ നിന്ന് യന്ത്ര സാമഗ്രികളും മറ്റും മോഷണം പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ? | (സി) | ഉണ്ട്. പിടിക്കപ്പെട്ട വാഹനങ്ങളിൽ നിന്ന് യന്ത്ര സാമഗ്രികളും മറ്റും മോഷണം പോയ കേസ്സുകളിൽ ക്രൈം കേസ്സ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ച് വരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കേസുകളിൽ പിടിച്ചിട്ട വാഹനങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ മതിയായ സുരക്ഷയും ശക്തമായ പോലീസ് നിരീക്ഷണവും ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**